# പതിനാലാം കേരള നിയമസഭ

## രണ്ടാം സമ്മേളനം

**നക്ഷത്ര ചിഹ്നമിടാത്ത ചോദ്യം നം.2412**

**07.10.2016 ൽ മറുപടി നൽകേണ്ടിയിരുന്നത്**

## സർക്കാർ സ്കൂളുകളിൽ പച്ചക്കറി തോട്ടങ്ങൾ

| ചോദ്യം<br>**ശ്രീ.സി.ദിവാകരൻ** | മറുപടി<br>**ശ്രീ. വി.എസ്.സുനിൽ കുമാർ<br>(കൃഷി വകുപ്പ് മന്ത്രി)** |
|---|---|
| എ) സർക്കാർ സ്കൂളുകളിൽ പച്ചക്കറി തോട്ടങ്ങൾ ഉണ്ടാക്കാൻ കൃഷി വകുപ്പ് എന്തെല്ലാം സഹായങ്ങളാണ് അനുവദിക്കുന്നതെന്ന് വ്യക്തമാക്കുമോ; | എ) സർക്കാർ സ്കൂളുകളിൽ വിദ്യാർത്ഥികളെ പങ്കെടുപ്പിച്ചുകൊണ്ട് പച്ചക്കറി കൃഷി പ്രോത്സാഹിപ്പിക്കുന്നതിന് സമഗ്ര പച്ചക്കറി വികസന പദ്ധതി നടപ്പിലാക്കി വരുന്നു. കൃഷി യോഗ്യമായ ഭൂമിയുള്ള സ്കൂളുകളുടെ വളപ്പുകളിൽ കൃഷി ചിലവിനായി 4,000/- രൂപയും പ്രവർത്തന ചിലവിനായി 1,000/- രൂപയും ധനസഹായം നൽകുന്നു. ഇതിനു പുറമെ ജല ദൗർലഭ്യം നേരിടുന്ന സ്കൂളുകളിൽ ജലസേചന ഉപാധികൾ വാങ്ങുന്നതിനായി പരമാവധി 10,000/- രൂപ വരെയും ധനസഹായം നൽകുന്നുണ്ട്. |
| ബി) ആയതിനുള്ള മാനദണ്ഡങ്ങൾ എന്തൊക്കെയാണെന്ന് വിശദമാക്കാമോ; | ബി) 10 സെന്റിൽ കുറയാതെ കൃഷി ചെയ്യുന്നതിനുള്ള സ്ഥലം ഉണ്ടായിരിക്കണം. അല്ലാത്തപക്ഷം ഗ്രോബാഗിൽ കൃഷി ചെയ്യാവുന്നതാണ്. 20-25 വിദ്യാർത്ഥികളും ഒരു അദ്ധ്യാപകനും അടങ്ങുന്ന ഗ്രൂപ്പാണ് പച്ചക്കറി തോട്ടം നിയന്ത്രിക്കുന്നത്. കൃഷി ഇറക്കുന്നതിന് മുമ്പായി മണ്ണ് പരിശോധന നടത്തണം. കൃഷി അസിസ്റ്റന്റ് ഡയറക്ടറോ, കൃഷി ഓഫീസറോ ആണ് പച്ചക്കറി തോട്ടം സെലക്ട് ചെയ്യുന്നത്. |

**സെക്ഷൻ ഓഫീസർ**